**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** — **09-08-2023 - ൽ മറുപടിയ്ക്ക്**

**വായ്പാ പരിധി വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ഓരോ വർഷത്തേയും കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ കുറവുവരുത്തുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ |

| | | | |
|---|---|---|---|
| | | | മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല. |
| (ബി) | വായ്പാ പരിധിക്ക് പുറമേ വിവിധ ഇനങ്ങളിലായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം കുറക്കുന്ന നിലപാട് സമീപകാലത്ത് കേന്ദ്രം സ്വീകരിച്ച് വരുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു. |
| (സി) | വായ്പാ പരിധി വെട്ടിക്കുറച്ചത് ഈ വർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങളുടെ നടത്തിപ്പിനെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ? | (സി) | കേന്ദ്രസർക്കാർ വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കേന്ദ്ര സർക്കാർ കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. 12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

**K. N. BALAGOPAL**
Minister for Finance
Government of Kerala

Room No. 131, North Block
Government Secretariat
Thiruvananthapuram
Office : 0471-2333294
Mobile: 9400887700
Email: min.fin@kerala.gov.in

**12.07.2023**

Dear Nirmala Sitharamanji,

The Covid-19 pandemic has severely affected economic activities in almost all sectors of the State economy of Kerala. Despite adverse impacts of Covid, now Kerala is back to the path of growth and prosperity. The State has been taking prudent measures to keep the fiscal indicators stable.Kerala may probably be the first state which implemented a comprehensive restructuring of the GST department in tune with the new GST regime, helping the department function with three verticals such as Tax Payer Service, Audit and Enforcement. We have been giving rigorous training to the audit officers. We could achieve around 50 percent growth in own revenue collection last year compared to 2020-21.

However, Kerala's efforts to improve its finances through the fiscal consolidation path have been hindered by a series of setbacks which are beyond the control of the State Government. It is anticipated that the fiscal constrains in 2023-24 will be more than that of previous years. This is because of the shortage of around Rs.8,400 Crore in Revenue Deficit Grant compared to 2022-23, the loss of around Rs.10000 to Rs.12000 Crore by way of GST compensation per year because of the cessation of compensation and the resource loss of around Rs.8,000 Cr due to the restriction on the borrowing limit. The reduction in borrowing limit in the name of off-budget borrowing is also another major setback to the State's resources.

In this context, it may be noted that during the tenure of the 10th Finance Commission, the tax share of Kerala was 3.875% of the divisible pool. It came down to almost one-half (1.92%) during the 15th Finance Commission period resulting in huge revenue loss. As the State recovers from the economic crisis, and is on the path of growth, this fiscal crunch due to the change in the policies of Union Government will adversely affect the growth.

Therefore, by considering all the above abnormal deductions, in order to help the State to overcome this drastic development stalling situation, it is requested that effective measures could be initiated by the Union Government like an *ad hoc* borrowing increase of 1% above the ceiling equation for the financial year 2023-24. We request to continue the period of GST compensation. Some kind of special financial assistance is also sought in the background of cessation of Revenue Deficit Grant and the declining share of tax in the Finance Commission devolution.

In addition to this, urgent steps may kindly be taken to release the pending funds to the states at the earliest. The details of pending release are furnished below.

1. **ULB Grant 2022-23 and Health Grant for 2021-22 and 2022-23 as per the recommendation of the 15th FC.**

Out of Rs. 265 Crore under Million Plus Cities grant for the year 2022-23, only Rs.213.45 Cr has been released. **Rs.51.55 Cr** has not been released so far. Out of Rs. 559 Cr under Health Grant for 2021-22, only Rs.521.43 Cr has been released so far. **Rs. 37.57 Cr** is remaining to be released. Similarly, out of 559 Cr under Health Grant for 2022-23, only Rs. 225.21 Cr has been released so far. **Rs.333.79 Cr** is pending to be released.

Thus, a total of **Rs.371.36 Cr** under Health Grant is pending to be released. Therefore, it is requested to release the above pending grants at the earliest.

2. **Pending reimbursement of central share in Indira Gandhi National Widow Pension Scheme (IGNWPS), Indira Gandhi National Disability Pension Scheme (IGNDPS), and Indira Gandhi National Old Age Pension Scheme (IGNOAPS) starting from January 2021.**

There is a pendingof reimbursement of around **₹521.9568 Cr** to Kerala Government towards the GoI share for Indira Gandhi National Widow Pension Scheme (IGNWPS) (300/month for 2,09,236 beneficiaries), Indira Gandhi National Disability Pension Scheme (IGNDPS) (300/month for 29,935 beneficiaries), and Indira Gandhi National Old Age Pension Scheme (IGNOAPS) (200/month for 3,62,145 beneficiaries), **starting from January 2021 to March 2023**. Therefore, it is requested to release the above pending reimbursement at the earliest.

3. **Reimbursement of pending arrears due to the implementation of the 7th UGC Pay revision.**

Despite the repeated requests from State Government for the reconsideration of reimbursement of 50% Central share for the implementation of revised pay (7th CPC) for teachers in State Universities and Colleges to State Government, no favourable action has been taken from Government of India. Calculation Statement and Copies of communications with Government of India are appended. Therefore, it is requested to revisit the stand on the issue regarding reimbursement of pending arrears of Rs.750.93 Cr and release the amount at the earliest.

4. **Scheme for Special Assistance to States for Capital Investment**

The State is eligible for an amount of Rs.1,925 Cr under Part I of the Scheme for Special Assistance to States for Capital Investment for the year 2023-24. Necessary proposal for availing the loan assistance has been sent to Government of India vide letter "No. Plg A2/43/2023/Fin dated 04/07/2023". Hence it is requested to expedite the release of 1st Instalment.

With warm regards

Yours Sincerely

**K.N. BALAGOPAL**

**Smt.Nirmala Sitharaman**
**Hon'ble Union Minister for Finance**
**North Block, New Delhi, 110001**

**Annexure-A**

## Calculation Sheet for Reimbursement of Central share for implementation of Revised Pay for teachers in State Universities and Colleges.

| Name of the State – KERALA | | | | | | | |
|---|---|---|---|---|---|---|---|
| Pre-Revised Scale | No. of posts filled up as on 01-01-2016 | Additionality for the period from 01-01-2016-30-06-2016(A* col 2*6) | Additionality for the period from 01-01-2016-30-06-2017(B* col 2*12) | Additionality for the period from 01-01-2018-30-06-2018(C* col 2*12) | Additionality for the period from 01-01-2016-30-06-2019(D* col 2*9) | Total Additionality for the period from 01-01-2016-31-03-2019(Total of column 3-6) | Central Share (50% of Column 7) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 15600-39100+ AGP 6000 | 1842 | 156540528 | 370905120 | 430453296 | 368843922 | 1326742866 | 663371433 |
| 15600-39100+ AGP 7000 | 2036 | 179257584 | 424408272 | 492280368 | 421635240 | 1517581464 | 758790732 |
| 15600-39100+ AGP 8000 | 925 | 83716200 | 198234900 | 229958700 | 196969500 | 708879300 | 354439650 |
| 37400-67000+ | 7529 | 1245537528 | 2929082160 | 3380189724 | 2883637116 | 10438446528 | 5219223264 |

| | | | | | | | |
|---|---|---|---|---|---|---|---|
| AGP 9000 | | | | | | | |
| 37400-67000+ AGP 10000 | 743 | 116273556 | 275959116 | 320672856 | 275042997 | 987948525 | 493974263 |
| 67000-79000 | 27 | 4508460 | 10841364 | 12720564 | 10992105 | 39062493 | 19531247 |
| **Total** | **13102** | **1785833856** | **4209430932** | **4866275508** | **4157120880** | **15018661176** | **7509330588** |

<u>The request for the above amount was submitted to the Government of India as per the letters;</u>

(i) DO letter No.1821386/EDN-C1/209/2021-Fin dated: 03-01-2022

(ii) DO letter No.20220308/01/ACS/2022/Fin dated:08-03-2022 to Sri. K Sanjay Murthy to Secretary, Department of Hedn of Hon'ble Minister

(iii) DO letter No.1821386/Edn-C1/209/2021-Fin dated:10-08-2022 to Smt. Nirmala Sitharman, Hon'ble Minister of Finance and Corporate Affairs.

(iv) Letter.No.C3/212/2017/H.Edn-Part(2) dated:30-10-2022, 14-11-22 and 08.05.2023 to Joint Secretary (Higher Education) Ministry of Education.